## അൽഅസ്വ്ർ
(കാലം)

سُورَةُ العَصۡرِ

### അദ്ധ്യായം - 103

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

1. കാലം തന്നെയാണ സത്യം.

وَٱلۡعَصۡرِ ١

2. തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു.[1]

إِنَّ ٱلۡإِنسَٰنَ لَفِي خُسۡرٍ ٢

3. വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും, സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും, ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ.

إِلَّا ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ وَتَوَاصَوۡاْ بِٱلۡحَقِّ وَتَوَاصَوۡاْ بِٱلصَّبۡرِ ٣

## അൽഹുമസഃ
(കുത്തിപ്പറയുന്നവർ)

سُورَةُ الهُمَزَةِ

### അദ്ധ്യായം - 104

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

1. കുത്തിപ്പറയുന്നവരും അവഹേളിക്കുന്നവരുമായ ഏതൊരാൾക്കും നാശം.

وَيۡلٞ لِّكُلِّ هُمَزَةٖ لُّمَزَةٍ ١

2. അതായത് ധനം ശേഖരിക്കുകയും അത് എണ്ണിനോക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നവന്.

ٱلَّذِي جَمَعَ مَالٗا وَعَدَّدَهُۥ ٢

3. അവന്റെ ധനം അവന് ശാശ്വത ജീവിതം നൽകിയിരിക്കുന്നു എന്ന്

يَحۡسَبُ أَنَّ مَالَهُۥٓ أَخۡلَدَهُۥ ٣

[1] ജീവിതത്തിലെ ലാഭനഷ്ടങ്ങളെപ്പറ്റിയുള്ള ഭൗതികമായ വീക്ഷണം ഏതുകാലത്തുമുള്ള മനുഷ്യർക്ക് സുപരിചിതമാണ്. എന്നാൽ ഭൗതികലാഭം ക്ഷണികമാണ്. ആത്യന്തികമായ നഷ്ടത്തിൽ നിന്ന് -- പരലോക ശിക്ഷയിൽ നിന്ന് -- രക്ഷപ്പെടാൻ അത് സഹായിക്കുകയില്ല. വിശ്വാസവും സൽകർമ്മവും, സത്യവും ക്ഷമയും അവലംബിക്കാനുള്ള ഉദ്ബോധനവും മാത്രമേ ആത്യന്തിക നഷ്ടത്തിൽ നിന്ന് നമ്മെ രക്ഷിക്കുകയുള്ളൂ.

كَلَّا لَيُنۢبَذَنَّ فِي ٱلۡحُطَمَةِ ٤
وَمَآ أَدۡرَىٰكَ مَا ٱلۡحُطَمَةُ ٥
نَارُ ٱللَّهِ ٱلۡمُوقَدَةُ ٦
ٱلَّتِي تَطَّلِعُ عَلَى ٱلۡأَفۡـِٔدَةِ ٧
إِنَّهَا عَلَيۡهِم مُّؤۡصَدَةٞ ٨
فِي عَمَدٖ مُّمَدَّدَةِۭ ٩

അവൻ വിചാരിക്കുന്നു.

4. നിസ്സംശയം, അവൻ 'ഹുത്വമ'യിൽ എറിയപ്പെടുക തന്നെ ചെയ്യും.

5. 'ഹുത്വമ' എന്നാൽ എന്താണെന്ന് നിനക്കറിയാമോ?

6,7. അത് ഹൃദയങ്ങളിലേക്ക് കത്തിപ്പടരുന്ന, അല്ലാഹുവിൻെറ ജ്വലിപ്പിക്കപ്പെട്ട അഗ്നിയാകുന്നു.

8,9. തീർച്ചയായും അത് നീട്ടിയുണ്ടാക്കപ്പെട്ട സ്തംഭങ്ങളിലായിക്കൊണ്ട് അവരുടെ മേൽ അടച്ചു മൂടപ്പെടുന്നതായിരിക്കും.

سُورَةُ الفِيلِ

## അൽഫീൽ
(ആന)

### അദ്ധ്യായം - 105

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

أَلَمۡ تَرَ كَيۡفَ فَعَلَ رَبُّكَ بِأَصۡحَٰبِ ٱلۡفِيلِ ١
أَلَمۡ يَجۡعَلۡ كَيۡدَهُمۡ فِي تَضۡلِيلٖ ٢
وَأَرۡسَلَ عَلَيۡهِمۡ طَيۡرًا أَبَابِيلَ ٣
تَرۡمِيهِم بِحِجَارَةٖ مِّن سِجِّيلٖ ٤

1. ആനക്കാരെക്കൊണ്ട് നിൻെറ രക്ഷിതാവ് പ്രവർത്തിച്ചത് എങ്ങനെ എന്ന് നീ കണ്ടില്ലേ?

2. അവരുടെ തന്ത്രം അവൻ പിഴവിലാക്കിയില്ലേ?

3,4. ചുട്ടുപഴുപ്പിച്ച കളിമൺകല്ലുകൾ കൊണ്ട് അവരെ എറിയുന്ന, കൂട്ടംകൂട്ടമായിക്കൊണ്ടുള്ള പക്ഷികളെ അവരുടെ നേർക്ക് അവൻ അയക്കുകയും ചെയ്തു[1]

---

[1] നബി(ﷺ)യുടെ ജനനത്തിന് ഏതാനും മാസങ്ങൾക്ക് മുമ്പ് നടന്ന ഒരു സംഭവത്തെപ്പറ്റിയാണ് ഈ അദ്ധ്യായത്തിൽ പരാമർശിച്ചിട്ടുള്ളത്. അന്ന് യമൻ ഭരിച്ചിരുന്നത് എത്യോപ്യയിലെ ചക്രവർത്തിയുടെ കീഴിലുള്ള അബ്റഹഃ എന്ന് പേരായ ഒരു ഭരണാധികാരിയായിരുന്നു. ക്രിസ്തുമത വിശ്വാസിയായ അബ്റഹഃ യമനിൽ ഒരു വലിയ ദേവാലയം പണിതിട്ട് അത് അറബികളുടെ മുഴുവൻ തീർത്ഥാടനകേന്ദ്രമാക്കിത്തീർക്കാനും, കഅ്ബയിൽ നിന്ന് ജനങ്ങളുടെ ശ്രദ്ധ തിരിച്ചു വിടാനും വേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. അറബികൾ ഈ ദേവാലയത്തിന് പറയത്തക്ക പരിഗണനയൊന്നും നൽകാത്തതിൽ അസംതൃപ്തനായ അബ്റഹഃ കഅ്ബഃ പൊളിച്ചു കളയാൻ വേണ്ടി ആനപ്പുറത്തേറി സൈന്യസമേതം മക്കയിലേക്ക് പുറപ്പെട്ടു. കഅ്ബയുടെ പരിപാലകരായ ഖുറൈശികൾക്ക് അബ്റഹഃയുടെ വലിയ സൈന്യത്തെ നേരി-